(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ നിയമിച്ചു;

(സി) നിലവിൽ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ടെസ്റ്റ് നടത്തിയിട്ടുണ്ട്. 2002-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ 13 പേർക്ക് നിയമനം നല്കിയിട്ടുണ്ട്.

(സി) രണ്ട് ഒഴിവുകൾ നിലവിലുണ്ട്. ഈ ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ എൽ. ഡി. സി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നടപടി

44 [3422] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വിവിധ വകുപ്പുകളിലെ എൽ. ഡി. ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള പി. എസ്. സി. റാങ്ക് ലിസ്റ്റിൽ നിന്നും എത്ര നിയമനം നടന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നിരവധി ഒഴിവുകൾ ഉണ്ടായിരുന്നിട്ടും അവ യഥാസമയം റിപ്പോർട്ട് ചെയ്തിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിലവിലുള്ള ഒഴിവുകൾ എത്രയും വേഗത്തിൽ റിപ്പോർട്ട് ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി & സി) വിവരം ശേഖരിച്ചുവരുന്നു.

ലീവ് വേക്കൻസികളിലെ താൽക്കാലിക പ്രൊമോഷനുകൾ

45 [3423] ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് താൽക്കാലിക പ്രമോഷൻ നൽകുന്നതിന് ഇപ്പോൾ നിരോധനമുണ്ടോ; എങ്കിൽ ആയതിന്റെ സർക്കാർ ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly